പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3164 — 10.12.2018 ൽ മറുപടിക്ക്

**കാലപ്പഴക്കം ചെന്ന ട്രെയിൻ കോച്ചുകൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി | | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | നമ്മുടെ സംസ്ഥാനത്ത് ഓടുന്ന ട്രെയിനുകളുടെ കോച്ചുകൾ പലതും കാലപ്പഴക്കം ചെന്നതും ആധുനിക സൗകര്യങ്ങൾ ഇല്ലാത്തതുമാണെന്ന കാര്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആധുനിക കോച്ചുകൾ അനുവദിച്ചു നൽകുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (എ) | പഴക്കം ചെന്നതും ഉപയോഗയോഗ്യമല്ലാത്തതും ആയ കോച്ചുകൾ മാറ്റി, ആധുനിക സൗകര്യങ്ങളോടുകൂടിയ കോച്ചുകൾ ഉള്ള ട്രെയിൻ ഓടിക്കുന്നതിനും സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് ബഹു. മുഖ്യമന്ത്രിയും, റെയിൽവേയുടെ ചുമതലയുള്ള മന്ത്രിയും കേന്ദ്ര റെയിൽവേ മന്ത്രിക്ക് കത്തുകൾ അയച്ചിട്ടുണ്ട്. വിവിധ ട്രെയിനുകളിൽ ആധുനിക സാങ്കേതിക വിദ്യയിലധിഷ്ഠിതമായ എൽ.എച്ച് ബി (LHB) കോച്ചുകൾ ഘടിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തിലൂടെ ഓടുന്ന മുഴുവൻ ട്രെയിനുകളിലും ബയോ ടോയ്-ലറ്റുകൾ ഉള്ള കോച്ചുകൾ ഉപയോഗിച്ച് സർവ്വീസ് നടത്തുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. |
| (ബി) | സംസ്ഥാനത്തെ റെയിൽവേ പദ്ധതികളുടെ പുരോഗതിയ്ക്കും വികസനത്തിനും സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്നുള്ള ആവശ്യമായ നടപടികൾ യഥാസമയം സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുമോ? | (ബി) | സംസ്ഥാനത്തെ റെയിൽവേ പദ്ധതികളുടെ പുരോഗതിയ്ക്കും വികസനത്തിനും സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്നുള്ള ആവശ്യമായ നടപടികൾ യഥാസമയം സ്വീകരിക്കുന്നുണ്ട്. ഇതിലേക്കായി കേരള സർക്കാർ കേന്ദ്ര സർക്കാരിൽ നിരന്തരം സമ്മർദ്ദം ചെലുത്തിവരികയാണ്. റെയിൽപാതകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്നതിനും കാലപ്പഴക്കം വന്ന റെയിൽ പാളങ്ങൾ പുന:സ്ഥാപിക്കുന്നതിനും റെയിലുകളുടെ തേയ്മാനവും വിള്ളലുകളും പരിഹരിക്കുന്നതിനും, പാത ഇരട്ടിപ്പിക്കൽ, വൈദ്യുതവൽക്കരണം, സിഗ്നൽ പരിഷ്കരണം, റെയിൽവേ സോൺ, റെയിൽ കോച്ച് ഫാക്ടറി, സംസ്ഥാനത്തിലൂടെ ഓടുന്ന ട്രെയിനുകളിൽ ബയോ ടോയ്-ലറ്റുകൾ ഏർപ്പെടുത്തുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ബഹു. മുഖ്യമന്ത്രി പ്രധാന മന്ത്രിക്കും റെയിൽവേ മന്ത്രിക്കും, സംസ്ഥാനത്തിന്റെ റെയിൽവേ വകുപ്പ് മന്ത്രി കേന്ദ്ര റെയിൽവേ വകുപ്പ് മന്ത്രിക്കും, നിരവധി കത്തുകൾ അയച്ചിട്ടുണ്ട്. എം.പിമാരുടെ തലത്തിലും ഉദ്യോഗസ്ഥ തലത്തിലും നിരന്തരം സമ്മർദ്ദം ചെലുത്തി വരുന്നു. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ